# നിഷ്ഠുരവാഴ്ചയുടെ നിരീക്ഷണങ്ങൾ

**ഇന്ത്യൻ** നീതിന്യായവ്യവസ്ഥയുടെ ചരിത്രത്തിലെ വളരെ നിർണ്ണായകമായ ഇടപെടലായി സ്വീകരിക്കപ്പെട്ടിരിക്കുകയാണ് സ്വകാര്യത മൗലികാവകാശമാണെന്ന 2017 ആഗസ്റ്റ് 24ലെ സുപ്രീംകോടതി വിധി. ഒമ്പതംഗ ഭരണഘടനാ ബഞ്ച് ആറ് വ്യത്യസ്ത വിധിന്യായങ്ങളിലൂടെ ഐകകണ്ഠ്യേന എഴുതിവച്ച ഈ ചരിത്രവിധി ആഗോളതലത്തിൽ മനുഷ്യശരീരങ്ങൾക്ക് മേൽ അധിനിവേശം നടത്തിക്കൊണ്ടിരിക്കുന്ന സുരക്ഷാ ഭരണകൂടങ്ങൾക്ക് ഒരു താക്കീതായി മാറിക്കഴിഞ്ഞിരിക്കുന്നു. സാങ്കേതികവത്കരിക്കപ്പെട്ട ദണ്ഡനരീതികളിലൂടെ, തടവറയ്ക്ക് സമാനമായ അനുശീലന സംവിധാനങ്ങൾ തീർത്ത് മനുഷ്യശരീരങ്ങളെ ഫലപ്രദമായി വരുതിയിൽ നിർത്തുന്നതിനാണ് ആധുനിക ദേശരാഷ്ട്രങ്ങളെല്ലാം ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വ്യക്തികളുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്ന നടപടിക്രമങ്ങളുടെ സംഘാതമായി ഭരണമനോഭാവം മാറിയിരിക്കുന്ന ഈ കാലത്ത് സ്വകാര്യത വളരെ പ്രധാനമായിരിക്കുന്നതും അതുകൊണ്ടുതന്നെയാണ്. ഈ ശിക്ഷണ പ്രക്രിയയിൽ കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ഒരു ഉപാധി എന്ന നിലയിലാണ് ഇന്ത്യൻ ഭരണകൂടവും ആധാർ എന്ന വ്യക്തിഗത വിവരശേഖരണ-നിരീക്ഷണ സംവിധാനം നിർബന്ധമായി അടിച്ചേൽപ്പിക്കുന്നത്. കൂടാതെ, ഉപഭോക്താവ് എന്ന വിപണിനിർമ്മിത സ്വത്വത്തിലേക്ക് മനുഷ്യാസ്തിത്വത്തെ ചുരുക്കുന്നതിനുള്ള കോർപ്പറേറ്റുകളുടെ ലാഭതാത്പര്യങ്ങളും ഈ വിവരശേഖരണ പരിപാടിക്ക് പിന്നിൽ ചുറ്റിത്തിരിയുന്നുണ്ട്.

ആധാർ എന്ന ബയോമെട്രിക് വിവരശേഖരണ പദ്ധതിയെക്കുറിച്ചുള്ള ആലോചനകൾ തുടങ്ങിയ കാലത്തുതന്നെ നിരവധി പൗരസമൂഹ സംഘങ്ങൾ സ്വകാര്യതയ്ക്ക് മേലുള്ള കടന്നുകയറ്റത്തെ എതിർത്തുകൊണ്ട് രംഗത്തുണ്ട്. അവർ ഉന്നയിക്കുന്ന ആശങ്കകൾക്ക് മറുപടി നൽകുന്നതിനോ, പ്രസ്തുത വിഷയത്തിൽ സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്ന അനവധി ഹർജികളിൽ തീർപ്പുണ്ടാകുന്നതിനോ കാത്തുനിൽക്കാതെ, രാജ്യസഭയിലെ ഭൂരിപക്ഷക്കുറവിന്റെ പ്രശ്നത്തെ തന്ത്രപരമായി മറികടക്കുന്ന വിധത്തിൽ ധനബില്ലായി അവതരിപ്പിച്ച് ആധാറിന് നിയമപ്രാബല്യം നൽകാൻ ശ്രമിക്കുന്ന സർക്കാരാണ് നമ്മെ ഭരിക്കുന്നത്. സ്വതന്ത്ര വ്യക്തികളെയല്ല, നിയമബദ്ധരായ പൗരരെ മാത്രമാണ് ഭരണകൂടം ഭരണീയരായി പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ വ്യക്തികളുടെ സ്വതന്ത്രാവിഷ്കാരങ്ങളെ നിയന്ത്രിക്കുന്നതരത്തിലുള്ള നിയമവാഴ്ചയ്ക്കാണ് ആധുനിക ഭരണകൂടങ്ങൾ പ്രാമുഖ്യം നൽകുന്നതെന്ന് കാണാം. വ്യക്തിഗത വിവരശേഖരം കൈവശമുണ്ടാവുക എന്നത് ഈ നിയന്ത്രണത്തിൽ വളരെ നിർണ്ണായകമായ പങ്കുവഹിക്കുന്ന ഒരു കാര്യമാണ്. എല്ലാ ഇന്ത്യാക്കാരുടെയും ബയോമെട്രിക് വിവരങ്ങൾ ആധാർ വഴി ലഭിക്കാൻ സർക്കാർ ഇത്രയധികം താത്പര്യമെടുക്കുന്നതിനുള്ള കാരണവും ഇതുതന്നെ. പാവങ്ങൾക്ക് സർക്കാർ സേവനങ്ങൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണ് ആധാർ നടപ്പിലാക്കുന്നതെന്ന നുണ അവർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു മാത്രം.

ഈ ഭരണമനോഭാവത്തിന്റെ പ്രതിഫലനം തന്നെയാണ് സ്വകാര്യത കേസിൽ സുപ്രീം കോടതിയിൽ സർക്കാർ ഉന്നയിച്ച എതിർവാദങ്ങളിലും കാണാൻ കഴിയുന്നത്. സ്വകാര്യത മൗലികാവകാശമായി അംഗീകരിക്കാൻ കഴിയില്ലെന്ന വാദത്തിൽ സർക്കാർ ഉറച്ചുനിൽക്കുകയും, പരാജയപ്പെടുമെന്നായപ്പോൾ ഭരണകൂടനിബന്ധനകൾക്ക് വിധേയമായി മാത്രം സ്വകാര്യത ആകാം എന്ന തരത്തിൽ അല്പം അയവ് വരുത്തുകയും ചെയ്തു. ആനുകൂല്യങ്ങൾ വേണമെങ്കിൽ സ്വകാര്യത ചിലപ്പോൾ അടിയറവയ്ക്കേണ്ടി വരുമെന്ന വിലക്ഷണവാദവും സർക്കാർ കോടതിയിൽ ഉന്നയിക്കുകയുണ്ടായി. വിധി വന്നശേഷം കേന്ദ്ര നിയമമന്ത്രി നടത്തിയ പത്രസമ്മേളനത്തിലും, ഇത് പരമമായ അവകാശമല്ലെന്നും നിയന്ത്രണങ്ങൾക്ക് വിധേയമാണെന്നും പറയാനാണ് അദ്ദേഹം കൂടുതൽ താത്പര്യമെടുത്തത്. ഇത്തരത്തിൽ ആധാറും സ്വകാര്യതയുമായി ബന്ധപ്പെട്ട വാദങ്ങളിലുടനീളം സർക്കാർ മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾ തീർത്തും മനുഷ്യാവകാശ വിരുദ്ധവും നിഷ്ഠുരവാഴ്ചയുടെ സൂചനകൾ വെളിപ്പെടുത്തുന്നതുമാണ്. ഇത് വളരെ ഗൗരവത്തോടെ തന്നെ സിവിൽ സമൂഹം ചർച്ച ചെയ്യേണ്ടതുണ്ട്. കാരണം, 'നമ്മുടെ ഭരണഘടന നാം നമുക്കായിത്തന്നെ സമർപ്പിക്കുന്നു' എന്നാണല്ലോ ഭരണഘടനയുടെ ആമുഖത്തിൽ ഇപ്പോഴും എഴുതിയിട്ടുള്ളത്. ഭരണഘടനയിൽ പറഞ്ഞിട്ടില്ലാത്തതും എന്നാൽ അതിൽ വിവക്ഷിതവുമായ അവകാശങ്ങൾ കാലാകാലങ്ങളിൽ നിയമനിർമ്മാണത്തിലൂടെ ജനങ്ങൾക്ക് പ്രദാനം ചെയ്യുക എന്ന കടമ നമ്മുടെ നിയമനിർമ്മാണസഭകൾ സ്വയം നിർവഹിച്ച ചരിത്രമില്ല. നീതിന്യായക്കോടതികളിൽ നിന്നല്ല, ജനപ്രാതിനിധ്യസഭകളിൽ നിന്നാണ് അത് സംഭവിക്കേണ്ടത്. ഭരണഘടനാപരമായ അവകാശങ്ങൾ നമുക്ക് ഉറപ്പുവരുത്തുന്നതിനും അതിനെ വിപുലീകരിക്കുന്നതിനും ബാദ്ധ്യതയുള്ള, നമ്മുടെ പ്രതിനിധാനം മാത്രമായ സർക്കാരുകൾ ഈ കർത്തവ്യത്തിൽ നിന്നും അപകടകരമാംവിധം പിന്മടങ്ങുന്നതിന്റെ ആപത്സൂചകധ്വനി സ്വകാര്യതയ്ക്കെതിരായ ഭരണകൂടവാദങ്ങളിൽ ശ്രവിക്കാൻ കഴിയും. സമ്മതക്കേടുകൾ ഇതിനെതിരെ ഉടലെടുക്കുന്നില്ലെങ്കിൽ നിഷ്ഠുരവാഴ്ചയിലേക്ക് ഇനിയേറെ അകലമില്ല എന്നുറപ്പിക്കാം. എല്ലാ സ്വയംനിർണ്ണയാവകാശങ്ങളും നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു ജനതയ്ക്ക് അവരുടെ സ്വകാര്യതയുടെമേലുള്ള സ്വാതന്ത്ര്യവും കൈവിട്ടുപോവുകയാണ്.

ഈ സമഗ്രാധിപത്യത്തിനെതിരെ നിലകൊള്ളുന്നവർ ഒട്ടും സുരക്ഷിതരല്ല എന്നതാണ് ഇന്ത്യൻ വർത്തമാന യാഥാർത്ഥ്യം. സുശക്തമായ എതിർപ്പുകളെ നിശബ്ദമാക്കാനുള്ള വെടിയുണ്ടകൾ നമ്മുടെ അന്തരീക്ഷത്തിൽ ചുറ്റിത്തിരിയുന്നുണ്ട്. അതിലൊന്നാണ് ഗൗരി ലങ്കേഷിന്റെ ജീവനെടുത്തുകൊണ്ട് തുളച്ചുകയറിയത്. തീവ്രഹിന്ദുത്വശക്തികളും നിഷ്ഠുരഭരണവുമാണ് ഗൗരിക്കെതിരെ കൈകോർത്തതെങ്കിൽ ചിലയിടങ്ങളിൽ കോർപ്പറേറ്റ് വാഴ്ച കൂടി ഈ 'ശബ്ദനിയന്ത്രണവിദ്യ'യിൽ പങ്കുചേരുന്നു. അതോടെ നിശബ്ദത നിലനിർത്താൻ ആയുധം പോലും ആവശ്യമില്ലാതെ വരുന്നു. അദാനി ഗ്രൂപ്പും കേന്ദ്ര സർക്കാരും പങ്കുചേർന്ന അഴിമതി തെളിവുകൾ സഹിതം പുറത്തുകൊണ്ടുവന്ന ഇ.പി.ഡബ്ല്യു മാസികയുടെ എഡിറ്റർ പരഞ്ജോയ് ഗുഹ താകുർത്തയ്ക്ക് ഗൗതം അദാനിയുടെ ഭീഷണിയെ തുടർന്ന് സുപ്രതിഷ്ഠിതമായ ആ സ്ഥാപനത്തിൽ നിന്നും അടുത്തിടെ സ്ഥാനഭ്രഷ്ടനാകേണ്ടി വന്നതും സമാനമായ ഒരു മരണമാണ്. ബി.ജെ.പി അദ്ധ്യക്ഷൻ അമിത് ഷായുടെ മകൻ ജയ് ഷായുടെ സാമ്പത്തിക ഇടപാടുകൾ പുറത്തുകൊണ്ടുവന്ന 'ദ വയർ' എന്ന മാദ്ധ്യമസ്ഥാപനവും മരണത്തെ മുഖാമുഖം കാണുന്നു. നിശബ്ദത നിലനിർത്താനുള്ള ഇത്തരം സായുധവും നിരായുധവുമായ ഹത്യകളുടെ നിര ഇനിയും നീണ്ടുപോയേക്കാം. സൂക്ഷിക്കുക, നിങ്ങൾ സദാ നിരീക്ഷണത്തിലാണ്. ■